**പതിനാലാം കേരളനിയമസഭ**

**പതിനഞ്ചാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.4439** 25/06/2019 ലെ മറുപടി

**എസ്.എസ്.എൽ.സി. പരീക്ഷാഫലത്തിലെ അശാസ്ത്രീയമായ ഗ്രേഡിങ് രീതി**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.പി.കെ.ബഷീർ : | പ്രൊഫ.സി.രവീന്ദ്രനാഥ് (പൊതുവിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
| (എ) എസ്.എസ്.എൽ.സി പരീക്ഷയിലെ ഗ്രേഡിങ് സമ്പ്രദായം മൂലം ഒൻപത് എ പ്ലസും ഒരു എ-യും ലഭിക്കുന്ന കുട്ടി ഫുൾ എ പ്ലസ് ലഭിച്ച കുട്ടിയെക്കാൾ മാർക്ക് കൂടുതലുണ്ടെങ്കിലും ഗ്രേഡ് കുറഞ്ഞതിന്റെ പേരിൽ അനുഭവിക്കുന്ന സങ്കടങ്ങളും മാനസിക സംഘർഷങ്ങളും സമൂഹത്തിൽ നിന്നുള്ള ദുരനുഭവങ്ങളും കുട്ടിയെ മാനസികമായി തളർത്തും എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) ഉണ്ട്. |
| (ബി) എസ്.എസ്.എൽ.സി.പരീക്ഷയിൽ എന്നു മുതലാണ് ഗ്രേഡിങ് സംവിധാനം നടപ്പിലാക്കിയതെന്നും എന്തടിസ്ഥാനത്തിലാണ് ഗ്രേഡിങ് സംവിധാനം നടപ്പിലാക്കിയതെന്നും വ്യക്തമാക്കുമോ; ഇതുകൊണ്ടുള്ള നേട്ടങ്ങൾ എന്തെല്ലാമാണ്; വിശദമാക്കുമോ; | (ബി) 2005 മാർച്ചിലെ എസ്.എസ്.എൽ.സി. പരീക്ഷ മുതലാണ് ഗ്രേഡിംഗ് നടപ്പിലാക്കിയത്. സ്കൂൾ വിദ്യാഭ്യാസത്തിൽ പരീക്ഷകൾക്കുള്ള അമിത പ്രാധാന്യം കുറയ്ക്കുന്നതിനും അനാരോഗ്യകരമായ മത്സരം ഇല്ലാതാക്കുന്നതിനും തന്മൂലമുള്ള മാനസിക സംഘർഷം ലഘൂകരിക്കുന്നതിനുമാണ് ഗ്രേഡിംഗ് നടപ്പാക്കിയത്. സമാനമായ നിലവാരമുള്ള കുട്ടികളെ ഒരു സംഘമാക്കി മാറ്റുന്നതിലൂടെ |

മത്സരത്തിന്റെ തോത് കുറയ്ക്കുകയും സുരക്ഷിതത്വബോധം കുട്ടികൾക്ക് ലഭിക്കുകയും ചെയ്യും. ദേശീയ തലത്തിൽ സ്കൂൾ വിദ്യാഭ്യാസത്തിൽ ഗ്രേഡിംഗ് കൊണ്ടുവരണമെന്ന നിർദ്ദേശവും ഉണ്ടായിരുന്നു.

(സി) എങ്കിൽ ഗ്രേഡിങ് മൂലം കുട്ടികളിൽ ഉണ്ടാകുന്ന മാനസികമായ സംഘർഷങ്ങളും വിഷമങ്ങളും ഇല്ലാതാക്കുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത് വ്യക്തമാക്കുമോ;

(സി) സംഘർഷം ലഘൂകരിക്കുന്നതിന് കൗൺസിലിംഗ് പോലുള്ള സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. ഗ്രേഡിംഗ് നടപ്പിലാക്കിയ വർഷം ഫോൺ ഇൻ പ്രോഗ്രാമിലൂടെ പരീക്ഷ സംബന്ധിച്ച ആശങ്കകൾ ദൂരീകരിക്കാനുള്ള പദ്ധതി ആവിഷ്കരിച്ചിരുന്നു.

(ഡി) ഇല്ലെങ്കിൽ ഇപ്പോഴത്തെ ഗ്രേഡിങ് രീതിയുടെ അശാസ്ത്രീയത പഠിക്കുന്നതിനും പഴയ മാർക്ക് സംവിധാനം കൂടി ഗ്രേഡിങ്ങിനോടൊപ്പം തിരിച്ചുകൊണ്ടു വരുന്നതിനും നടപടി സ്വീകരിക്കുമോ വ്യക്തമാക്കുമോ?

(ഡി) ഇപ്പോൾ പരിഗണനയിലില്ല.

സെക്ഷൻ ഓഫീസർ